കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം- **കണ്ണൂർ** നിയോജകമണ്ഡലം- എടക്കാട് കൃഷി ഭവൻ കെട്ടിടം നിർമ്മാണം -ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം.1717/17/തസ്വഭവ　　　　　　　　തിരുവനന്തപുരം, തീയതി :25.05.2017

---

പരാമർശം - 1) 06/11/2012- തീയതിയിലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്

2) 31/03/2017 തീയതിയിലെ പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എൻജിനീയറുടെ സി.ഇ./ബി.എൽ/പി.എൽ.ജി/എൽ.എ.സി-എ.ഡി.എസ്/കെ.എൻ.ആർ/1851/17 നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുവും വകുപ്പ് മന്ത്രിയും **കണ്ണൂർ** നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** എം.എൽ.എ-യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും പ്രോജക്റ്റ് ഐ.ഡി.1634 **എടക്കാട് കൃഷി ഭവൻ കെട്ടിടം നിർമ്മാണം** എന്ന പ്രവൃത്തിക്ക് ആകെ അടങ്കൽ തുകയായ **52.60 ലക്ഷം** രൂപയ്ക്ക് **(അൻപത്തിരണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)** ഭരണാനുമതി ലഭിക്കുന്നതിന് സൂചന (2) പ്രകാരം പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുവും വകുപ്പ് മന്ത്രിയും **കണ്ണൂർ** നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ യുമായ **ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി**-യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും പ്രോജക്റ്റ് ഐ.ഡി.1634 **എടക്കാട് കൃഷി ഭവൻ കെട്ടിടം നിർമ്മാണം** എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന Lump sum provision for site inspection and QC Rs.50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) ഒഴിവാക്കിക്കോണ്ട് ആകെ അടങ്കൽ തുകയായ **52.10 ലക്ഷം രൂപയ്ക്ക് (അൻപത്തിരണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം)** വകുപ്പ്സംബന്ധമായ നടപടിക്രമങ്ങളും സൂചന (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ആയത് സംബന്ധിച്ച് ചെലവ് **'4515-00-800-96-പ്രോജക്റ്റ്സ് അണ്ടർ എൽ.എ.സി. എ.ഡി. എസ്'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.കെ. മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിടവിഭാഗം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (അ.നം. 621/എൻ.സി.സി.3/17/ധന തീ.18/05/2017)
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/144/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ